A

512

# രണ്ടാം പാദവാർഷിക മൂല്യനിർണയം 2016–17

## മലയാളം

## അടിസ്ഥാനപാഠാവലി

ക്ലാസ്സ് : 5 സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

**പ്രവർത്തനം 1 - അഭിപ്രായക്കുറിപ്പ്**

എ.

> 'എനിക്ക് അങ്ങയുടെ പടച്ചട്ടയും കുണ്ഡലങ്ങളും വേണം' - ഇന്ദ്രൻ ആവശ്യപ്പെട്ടു. ഒട്ടും സംശയിക്കാതെ കർണൻ അവ ഊരി നൽകി; താൻ മരിക്കുമെന്നറിയാമെങ്കിലും.

പാഠസന്ദർഭം ഓർമ്മയിലുണ്ടല്ലോ?

ഇതൊന്നു വായിക്കാം.

> വടകരയിൽ ചേർന്ന പൊതു സമ്മേളനത്തിൽ ഗാന്ധിജി പങ്കെടുക്കുകയായിരുന്നു. പെട്ടെന്ന് കൗമുദി എന്ന ഒരു പെൺകുട്ടി വേദിയിലേക്ക് കയറി വന്നു. തന്റെ സ്വർണ്ണാഭരണങ്ങൾ മുഴുവൻ ഊരിയെടുത്ത് അവൾ ഗാന്ധിജിയുടെ കൈയിൽ വെച്ചു കൊടുത്തു. തന്റെ ആഭരണങ്ങൾ ഹരിജൻ ഫണ്ടിലേക്ക് സംഭാവന ചെയ്യുന്നതായി അവൾ അറിയിച്ചു. ഗാന്ധിജി വിസ്മയത്തോടെ ആ ബാലികയുടെ മുഖത്തേക്ക് നോക്കി. രക്ഷിതാക്കളുടെ അനുവാദത്തോടെയാണോ ഇങ്ങനെ ചെയ്യുന്നത് എന്നദ്ദേഹം അന്വേഷിച്ചു. 'രക്ഷിതാക്കൾ എതിർപ്പൊന്നും പറയില്ല' എന്നായിരുന്നു അപ്പോൾ കൗമുദിയുടെ മറുപടി. അടുത്ത ദിവസം കോഴിക്കോട് ഗസ്റ്റ് ഹൗസിൽ അച്ഛനോടൊപ്പം തന്നെ വന്നു കാണാൻ ഗാന്ധിജി അവളോടാവശ്യപ്പെട്ടു. താൻ ജീവിതത്തിലൊരിക്കലും സ്വർണ്ണാഭരണങ്ങൾ അണിയില്ലെന്ന് ഗസ്റ്റ് ഹൗസിൽ വച്ച് അവൾ പ്രതിജ്ഞ ചെയ്തു. മൗനവ്രതത്തിലായിരുന്ന ഗാന്ധിജി 'ത്യാഗമാണ് നിന്റെ ആഭരണം' എന്ന് ആ പെൺകുട്ടിയുടെ ഓട്ടോഗ്രാഫിൽ കുറിക്കുകയും ചെയ്തു.

കർണന്റെ കഥയും കൗമുദിയുടെ പ്രവൃത്തിയും പരിഗണിച്ച് 'ത്യാഗമാണ് നിന്റെ ആഭരണം' എന്ന ഗാന്ധിജിയുടെ അഭിപ്രായത്തെപ്പറ്റി കുറിപ്പു തയ്യാറാക്കുക.

ബി. മൗനമായി ആചരിക്കുന്ന വ്രതത്തെയാണല്ലോ **മൗനവ്രതം** എന്നു പറയുക. അങ്ങനെയെങ്കിൽ സ്വർണം കൊണ്ടുള്ള ആഭരണത്തെ എങ്ങനെ പറയാം?

പ്രവർത്തനം 2 - വാങ്മയ ചിത്രം

മരണമില്ലാത്ത മനുഷ്യൻ എന്ന പാഠഭാഗത്ത് കുട്ടിരാമൻ മേനോൻ മാസ്റ്ററെ കൺമുന്നിൽ കാണും പ്രകാരം വാക്കുകളിലൂടെ അവതരിപ്പിച്ചത് പഠിച്ചുവല്ലോ.

എ. കുട്ടിരാമൻ മാസ്റ്ററുടെ രൂപത്തിൽ നിന്നും എത്രയോ വ്യത്യസ്തമാണ് ഒരു ഭിക്ഷക്കാരന്റെ ദയനീയ രൂപം. നിങ്ങൾ കണ്ടിട്ടുള്ള ഒരു ഭിക്ഷക്കാരന്റെ രൂപം വാങ്മയ ചിത്രമായി എഴുതുക.

ബി. മഹത്തായ ആശയങ്ങളെ കാച്ചിക്കുറുക്കി അവതരിപ്പിക്കുമ്പോഴാണല്ലോ നാം അവയെ മഹദ്വചനങ്ങൾ എന്നു പറയുന്നത്. മതമേതായാലും മനുഷ്യൻ നന്നായാൽ മതി എന്നത് ശ്രീനാരായണഗുരുവിന്റെ മഹത്തായ ഒരു സന്ദേശമാണ്. ഇത്തരത്തിൽ മഹത്തായ ആശയം ഉൾക്കൊള്ളുന്ന ഏതെങ്കിലുമൊരു മഹദ്വചനം എഴുതുക.

പ്രവർത്തനം 3 - കുറിപ്പ്

> 'നൗഷാദ്, നീയെനിക്കിന്ന് വെറുമൊരു പേരല്ല. മുഖ പരിചയം പോലുമില്ലാത്ത രണ്ടു മനുഷ്യരെ രക്ഷിക്കാൻ വേണ്ടി മരണത്തിന്റെ മാൻഹോളിലേക്കിറങ്ങിപ്പോയ കോഴിക്കോട്ടെ സാധാരണക്കാരനായ ഓട്ടോറിക്ഷാ ഡ്രൈവറാണ്.'
>
> മാൻഹോൾ - തുരങ്കം
>
> *- രഞ്ജിത്ത് (സിനിമാ സംവിധായകൻ)*

ഏതാണ്ട് ഒരു വർഷം മുമ്പ് കോഴിക്കോട്ടെ അഴുക്ക് ചാലിൽ വീണ് മരണത്തോട് മല്ലടിച്ച അന്യസംസ്ഥാനക്കാരായ രണ്ടുപേരെ രക്ഷിച്ച് ഓവുചാലിൽ ശ്വാസം മുട്ടി മരിച്ചുപോയ നൗഷാദിനെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടാകുമല്ലോ.

എ. 'മരണമില്ലാത്ത മനുഷ്യൻ' എന്ന കവിതയിലെ അബ്ദുൽ റഹിമാൻ സാഹിബിന്റെ വചനങ്ങളും നൗഷാദിന്റെ പ്രവൃത്തിയും തമ്മിലുള്ള സമാനതകൾ കണ്ടെത്തി കുറിപ്പ് തയാറാക്കുക.

ബി. മുകളിലെ ചോദ്യത്തിൽ 'വാക്കുകൾ' എന്ന അർത്ഥത്തിൽ പ്രയോഗിച്ചിട്ടുള്ള പദമേതാണ്?

പ്രവർത്തനം 4 - ഉപന്യാസം

ഗുരു പ്രസാദം എന്ന പാഠം കഥകളി കലാകാരന്മാരായ ചന്തുപ്പണിക്കർ, കലാമണ്ഡലം കൃഷ്ണൻനായർ എന്നിവരെക്കുറിച്ചാണല്ലോ പറയുന്നത്.

കഷ്ടപ്പാടിലും കലയെ ജീവനു തുല്യം സ്നേഹിച്ച ഈ കലാകാരന്മാരെക്കുറിച്ച് നിങ്ങൾ മനസ്സിലാക്കിയ കാര്യങ്ങൾ ഉൾപ്പെടുത്തി ഉപന്യാസം തയാറാക്കുക.

അവരുടെ ജീവിതപശ്ചാത്തലം, കലയോടുള്ള ആത്മാർത്ഥത, കഥകളിക്ക് നൽകിയ സംഭാവനകൾ ഇവ ഉൾപ്പെടുത്താൻ മറക്കരുത്.

പ്രവർത്തനം 5 – ആസ്വാദനക്കുറിപ്പ്

**പിഞ്ചിളം പൈതലേ. . . .**

"പിഞ്ചിളം പൈതലേ! നിൻ ചൊടിയിൽ
തഞ്ചുമീ പുഞ്ചിരിയാരു തന്നു?"

"പുഞ്ചിരിച്ചന്തം പകർന്നു പുത്തൻ-
പൂവും പുലരിയും പൂനിലാവും"

"ഇത്രവെളുപ്പാരു പല്ലിനേകി?"
"മുത്തും മുലപ്പാലും മുല്ലമൊട്ടും"

* * * * * * * * *

"കുന്തൽക്കരിനിറമെങ്ങു നിന്നോ?"
കൂരിരുൾ കുഞ്ഞിതിൽ കൂടുവെച്ചു. . ."
"നിൻമെയ്യിൽ മാർദ്ദവം ചേർത്തതാരേ?"
അമ്മതൻ ചക്കരയുമ്മയാണേ!"

"കൈതവം കാണാത്ത പൈതലേ, നിൻ
കൈമുതലാവുന്നു നന്മയെല്ലാം!"

*– എൻ.കെ.ദേശം*

കുന്തൽ – തലമുടി

കൈതവം – കളവ്

എ. കവിതയിൽ നിന്ന് മനസ്സിലാക്കിയ കാര്യങ്ങൾ, ഇഷ്ടമുള്ള വരികൾ, കവിതയെ ആകർഷകമാക്കുന്ന പദങ്ങൾ, സവിശേഷ പ്രയോഗങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി **ആസ്വാദനക്കുറിപ്പ്** തയ്യാറാക്കുക.

**ബി.** കുഞ്ഞിന്റെ മെയ്യിൽ മാർദ്ദവം ചേർത്തത് എന്താണെന്നാണ് കവി പറയുന്നത്?

* * * * *